കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്
കേരള സാഹിത്യ അക്കാദമി അവാർഡ്
ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ച നോവൽ

# സുഭാഷ് ചന്ദ്രൻ

9-ാം പതിപ്പ്



8M3 SUB/M
CASMTKM BK
425

# മനുഷ്യന് ഒരു ആമുഖം

## സുഭാഷ് ചന്ദ്രൻ

1972-ൽ ആലുവയ്ക്കടുത്തുള്ള കടുങ്ങല്ലൂരിൽ ജനിച്ചു. മലയാളത്തിൽ ഒന്നാം റാങ്കോടെ ബിരുദാനന്തരബിരുദം. *ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം* എന്ന കഥയ്ക്ക് 1994-ൽ മാതൃഭൂമി വിഷുപ്പതിപ്പ് നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനവും കേരളസാഹിത്യ അക്കാദമി അവാർഡും (2001) ലഭിച്ചു. ഇ.പി. സുഷമ എൻഡോവ്മെന്റ്, അങ്കണം അവാർഡ്, എസ്.ബി.ടി. അവാർഡ്, വി.പി. ശിവകുമാർ കേളി അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. 'ടൈംസ് ഓഫ് ഇന്ത്യ' ഇന്ത്യയിലെ യുവസാഹിത്യകാരന്മാരെ തെരഞ്ഞെടുത്തപ്പോൾ മലയാളത്തിൽനിന്ന് ഉൾപ്പെടുത്തിയത് സുഭാഷ് ചന്ദ്രനെയാണ്. *വധക്രമം, പറുദീസാനഷ്ടം* എന്നീ കഥകൾ ചലച്ചിത്രങ്ങളായിട്ടുണ്ട്. പ്രഥമ നോവലായ *മനുഷ്യന് ഒരു ആമുഖം* കേരള സാഹിത്യ അക്കാദമി അവാർഡും (2011), ഓടക്കുഴൽ അവാർഡും (2011), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും (2013) നേടി. മാതൃഭൂമിയിൽ ചീഫ് സബ് എഡിറ്റർ. ഭാര്യ: ജയശ്രീ കെ.കെ., മക്കൾ: സേതുലക്ഷ്മി, സേതുപാർവ്വതി.

സുഭാഷ് ചന്ദ്രന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
മനുഷ്യന് ഒരു ആമുഖം

*കഥ*
ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം
പറുദീസാനഷ്ടം
തല്പം
ബ്ലഡി മേരി

*ബാലസാഹിത്യം*
അക്കുടുമുയൽ അപ്പം ചുട്ടു

സുഭാഷ് ചന്ദ്രൻ

# മനുഷ്യന് ഒരു ആമുഖം

ഡി സി ബുക്സ്

## ഉള്ളടക്കം


നോവലിന് ഒരു ആമുഖം 11

പ്രാരംഭം 15

**ഭാഗം : ഒന്ന് - ധർമ്മം**

1. മേൽവിലാസം 27
2. പിതൃക്കൾ 34
3. തച്ചനക്കര 40
4. മാതാമഹി 47
5. രണ്ടു തരം പുഴകൾ 54
6. ജാതിഭേദം 62
7. ചുഴി 70
8. വരത്തൻ 77
9. നന്ത്യാർവട്ടം 85
10. വൃത്തം 94

**ഭാഗം : രണ്ട് - അർത്ഥം**

1. പരിവർത്തനം 105
2. വിത്ത് 113
3. ദശകം 122
4. കമ്യൂണിസ്റ്റ് പച്ച 130
5. ചെറ്റ 138
6. ചന്ദ്രക്കല 146
7. ഭൂജാതം 155
8. പൈതങ്ങൾ 164
9. വിഗ്രഹഭഞ്ജനം 173
10. പത്താഴം 181

**ഭാഗം : മൂന്ന് - കാമം**

1. തുടർക്കഥ 191
2. മാതുലൻ 199
3. സങ്കരം 206
4. കിണർ 214

5. കിഴവൻ 222
6. കാളകൾ 230
7. ശലഭപ്പുഴു 237
8. അകമലരി 245
9. തച്ചങ്കോഴി 260
10. സ്വയംവരം 267

**ഭാഗം : നാല് - മോക്ഷം**

1. പടിപ്പുര 279
2. ഇരുട്ട് 287
3. ശ്ളഥം 296
4. ശരീരി 304
5. മിശ്രഭുക്ക് 313
6. ഒറ്റകൾ 321
7. മതദ്വേഷം 329
8. സൃഷ്ടിഗീത 337
9. വിസർഗം 344
10. പരം 352

**പര്യന്തം** 363


# നോവലിന് ഒരു ആമുഖം

പത്തുവർഷങ്ങൾക്കു മുൻപ്, ഒരു നോവലെഴുതണമെന്ന മോഹം മനസ്സിൽ തിങ്ങുകയും അതിനുള്ള പ്രായമോ പക്വതയോ കൈവന്നിട്ടില്ലെന്ന് സ്വയം തിരിച്ചറിയുകയും ചെയ്ത സമയത്ത്, എഴുതിവന്ന ഒന്നിനെ ഏച്ചുകൂട്ടി ഞാനൊരു ചെറുകഥ സൃഷ്ടിച്ചിരുന്നു. *നോവൽസംഗ്രഹം* എന്നു പേരുള്ള ഒരു കഥയായി അതു പ്രത്യക്ഷപ്പെട്ടതോടെ അതിലുള്ള മമതയും ഒടുങ്ങുമെന്നായിരുന്നു എന്റെ പ്രതീക്ഷ. എന്നാൽ കനലടങ്ങാതെ കിടന്ന് ഏറെത്താമസിയാതെ അത് വീണ്ടും എരിയാൻ തുടങ്ങി. കഥതന്നെ ഒന്നോരണ്ടോ ആണ്ടുകൂടുമ്പോൾ ഒന്നെന്ന കണക്കിൽ എഴുതുന്ന ഒരാളെ സംബന്ധിച്ച് നോവലെഴുത്ത് ഒരു താങ്ങാച്ചുമടാവുക സ്വാഭാവികമാണ്. എന്നിട്ടും എനിക്കു പറയാനുള്ള ഒന്നിനെ സമഗ്രമായി അവതരിപ്പിക്കുന്ന ഒരു വലിയ പുസ്തകം അതിന്റെ പേരുസഹിതം ഓഫീസിനും വീടിനുമിടയിലുള്ള ആ ഇത്തിരിസമയത്ത് എന്നെ ഉള്ളിൽനിന്നും ആക്രമിക്കുന്നുണ്ടായിരുന്നു. കഥാനായകന്റെ പതിമൂന്നാം വയസ്സിനെക്കുറിച്ച് ഞാൻ എഴുതിത്തുടങ്ങിയെങ്കിലും അത് എങ്ങുമെത്താതെ നിലച്ചുപോയി.

ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള *ശബ്ദതാരാവലി* പൂർത്തിയാക്കും മുൻപ് എഴുതിയിടത്തോളം അച്ചുകൂടത്തിലേക്കയച്ച് ഒരു കീശാനിഘണ്ടു പുറത്തിറക്കിയതുപോലെ—അദ്ദേഹത്തിന് തനിക്കൊരു ബൃഹദ്നിഘണ്ടു പൂർത്തിയാക്കാൻ കഴിയുമോ എന്ന് ആശങ്കയുണ്ടായിരുന്നു—ഞാൻ അത്തവണയും എഴുതിയ ഭാഗം ഒരു ചെറുകഥയായിത്തന്നെ പ്രസിദ്ധീകരണത്തിനു കൊടുത്തു. *മനുഷ്യന് ഒരു ആമുഖം എന്ന നോവലിന്റെ ഒന്നാമധ്യായം* എന്നായിരുന്നു ആ കഥയുടെ പേര്. എന്നാൽ കഥ അവിടംകൊണ്ടും തീരുന്ന മട്ടില്ലായിരുന്നു. ഒമ്പതുവർഷം മുൻപ് മികച്ച കഥയ്ക്കുള്ള വി.പി. ശിവകുമാർ സ്മാരക കേളി പുരസ്കാരം എനിക്കു സമ്മാനിക്കുമ്പോൾ സുഗതകുമാരി ടീച്ചർ അതിലെ ചില വാചകങ്ങളുടെ ധ്വനിഭംഗിയെപ്പറ്റി സദസ്സിനു വിശദീകരിച്ചു. അത് മങ്ങാൻ തുടങ്ങിയ കനലിന് വീണ്ടു മാരുതസ്പർശം നല്കി.

എഴുപത്തിരണ്ട് അധ്യായങ്ങളായാണ് *മനുഷ്യന് ഒരു ആമുഖം* ആദ്യം വിഭാവനം ചെയ്തിരുന്നത്. പതിനെട്ട് അധ്യായങ്ങൾ വീതമുള്ള ധർമ്മാർത്ഥകാമമോക്ഷങ്ങൾ. എന്നാൽ വീണ്ടും വീണ്ടുമുള്ള തിരുത്തലുകളും പൊളിച്ചെഴുതലുകളും കഴിഞ്ഞപ്പോൾ അധ്യായങ്ങൾ ആദ്യം അറുപതായും പിന്നെ നാല്പതായും ചുരുങ്ങി. നൂറു വർഷത്തെ മനുഷ്യജീവിതവും നൂറിലേറെ കഥാപാത്രങ്ങളും ചേർന്ന് ജിതേന്ദ്രന്റെ സ്വപ്നഗ്രന്ഥത്തെയും എന്റെ നോവലിനെയും കുറേക്കാലം ഒരുപോലെ എഴുത്തിന്റെ പകരം വയ്ക്കാനില്ലാത്ത ആഭിചാരക്രിയയിൽ കുടുക്കുകയായിരുന്നു. മാതൃഭൂമി ആഴ്ചപ്പ

ത്തിയത്. ജിതൻ ആൻമേരിക്കയച്ച കത്തുകൾ എനിക്ക് അദ്ദേഹം അയച്ച അതേ കത്തുകൾ! ജിതന്റെ കുട്ടിക്കാലം പാലക്കാട്ട് ഞാൻ അനുഭവിച്ച അതേ കുട്ടിക്കാലം! രണ്ടും മോൻ എങ്ങനെ അറിഞ്ഞു?) ആഴ്ചപ്പതിപ്പിൽ *മനുഷ്യന് ഒരാമുഖ*ത്തിന് തുടർച്ചയായി വരച്ച കെ. പി. മുരളീധരനും എന്റെ സ്നേഹം. മരണശയ്യയിലായിരുന്ന അച്ഛന്റെ അടുത്തിരുന്നാണ് അദ്ദേഹം അതിലെ പല ചിത്രങ്ങളും വരച്ചത്. അച്ഛൻ മരിച്ച ദിവസവും അദ്ദേഹത്തിന് അതിനുവേണ്ടി വരയ്ക്കേണ്ടിവന്നു. ആദ്യത്തെ അധ്യായം അച്ചടിക്കപ്പെടുംമുമ്പ് അത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് വക്കീൽനോട്ടീസയച്ച സംസ്ഥാന വനിതാകമ്മീഷനും എന്റെ നമസ്കാരം. കാരണം, ഒരാൾപോലും ഒഴിയാതെ എല്ലാവരും ഒന്നിനെ നല്ലതാണെന്നു വാഴ്ത്തുകയാണെങ്കിൽ പിന്നെ നിങ്ങൾ നമ്മയെ സംശയിക്കണം എന്നാണല്ലോ പഴമൊഴി. (സ്ത്രീത്വത്തെ അപമാനിക്കുന്ന ഒന്നാണ് വരാനിരിക്കുന്ന നോവൽ എന്നായിരുന്നു വക്കീൽനോട്ടീസിന്റെ സാരം. വനിതാകമ്മീഷനിൽ ഇത്തരത്തിലൊരു പരാതിയെത്തിച്ച മാന്യവ്യക്തികളുടെ പേരുവിവരം അറിയാൻ ശ്രമിച്ചതോടെ പരാതി സ്വയം അപ്രത്യക്ഷമായി!)

*നോവൽസംഗ്രഹം* എന്ന ആ പഴയകാലകഥയിൽ ഞാൻ രൂപരേഖയായി അവതരിപ്പിച്ച നോവൽസങ്കല്പത്തിന് അതിന്റെ സാക്ഷാത്കാരസന്ദർഭമെത്തുമ്പോഴേക്കും പലമട്ടിൽ പരിണാമം വന്നുചേർന്നിരുന്നു. അധ്യായങ്ങളുടെ എണ്ണം കുറയുകയും അധ്യായങ്ങൾക്കോരോന്നിനും പേരുകൾ നൽകപ്പെടുകയും ചെയ്തു. എഴുത്തുകാരന്റെ പേരും പ്രകൃതവും ജീവിതവും അപ്പാടെ പകർത്താൻ ശ്രമമുണ്ടായില്ല. എന്നാൽ ഇവയ്ക്കെല്ലാത്തിനും മീതെ മറ്റൊന്നാണ് ഏറ്റവും പ്രധാനമായി എനിക്കു തോന്നുന്നത്. ആദ്യം സങ്കല്പിക്കപ്പെട്ടിരുന്നതുപോലെ, അപാരനായ എതിരാളി ദൈവത്തിനല്ല, കഴിഞ്ഞ നൂറ്റാണ്ടിൽ ജനിക്കുകയും ഈ നൂറ്റാണ്ടിൽ ജീവിച്ചിരിക്കുകയും ചെയ്യുന്ന പച്ചമനുഷ്യർക്കാണ് അതു സമർപ്പിക്കപ്പെട്ടിരിക്കുന്നത് എന്നതാണ് അത്.

സ്വന്തം

2-2-2012
കോഴിക്കോട്

സുഭാഷ് ചന്ദ്രൻ

College Of Avian Sciences & Management
LIBRARY
425
KVASU Thiruvazhamkunnu-678 601



ആവിഷ്കാരങ്ങളുടെ വ്യത്യസ്തതകൊണ്ട് ശ്രദ്ധേയമായ രചനകൾ



തല്പം



ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം



പറുദീസാനഷ്ടം

8M3 SUB/M
CASMTKM BK
425

ഏറ്റവും പുതിയ സാംസ്കാരിക വാർത്തകൾക്ക്
www.dcbooks.com

പുസ്തകശാല നിങ്ങളുടെ വിരൽത്തുമ്പിൽ
www.onlinestore.dcbooks.com

പുസ്തകവാർത്തകൾ നിങ്ങളെ തേടിവരും
ലൈക്ക് ചെയ്യൂ
/dcbooks

എപ്പോഴും നിങ്ങളോടൊപ്പം
9846133336
customercare@dcbooks.com
www.support.dcbooks.com

# മനുഷ്യന് ഒരു ആമുഖം

## സുഭാഷ് ചന്ദ്രൻ

''കല്ലിൽ കൊത്തിയെടുത്തതുപോലുള്ള അനേകം കഥാപാത്രങ്ങൾ, അത്യന്തം വികാരതീക്ഷ്ണതയുള്ള എത്രയോ ജീവിതമുഹൂർത്തങ്ങൾ, എല്ലുറപ്പുള്ള ഭാഷ, അസാധാരണമാംവിധം ചൈതന്യവത്തായ ഇമേജുകൾ, മനുഷ്യാവസ്ഥയുടെ നാനാമുഖങ്ങളെക്കുറിച്ചുള്ള മൗലികനിരീക്ഷണങ്ങൾ എന്നിങ്ങനെ ഈ നോവലുമായി ആത്മബന്ധം സ്ഥാപിക്കാൻ വായനക്കാരനെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്... അത്ഭുതകരമായ അളവിൽ സർഗ്ഗോർജ്ജത്തിന്റെ വിനിയോഗം നടന്നിട്ടുള്ള കൃതിയാണിത്.''

എൻ. പ്രഭാകരൻ (ഭാഷാപോഷിണി)

''വ്യായാമത്തിലൂടെ ഉറച്ച പേശികളുള്ള ഒരു പുരുഷശരീരത്തെ ഓർമ്മിപ്പിക്കുന്നതാണ് *മനുഷ്യന്* ഒരു ആമുഖം എന്ന നോവലിലെ സുഭാഷ് ചന്ദ്രന്റെ ശൈലി. ദൃഢഭദ്രമായ ആ ശൈലി നോവലിന് ശക്തിയുടെ പരിവേഷം നൽകിയിരിക്കുന്നു. ഇളക്കിമാറ്റാൻ സാധിക്കാത്തവിധം വാക്കുകളെ വിന്യസിക്കുന്ന നോവലിസ്റ്റ് ഓരോ ഇഷ്ടികയായി അടുക്കിവച്ച് തന്റെ മഹാമാളിക നിർമ്മിച്ചിരിക്കുന്നു...''

എസ്. ജയചന്ദ്രൻ നായർ (മലയാളം വാരിക)

''റുഷ്ദിയും പാമുകും ബോളേനോയും ഡേവിഡ് മിച്ചലുമൊക്കെ ചെയ്യുന്നതുപോലെ വ്യത്യസ്തമായ പ്രമേയങ്ങൾ സ്വീകരിക്കുന്നതിനോടൊപ്പംതന്നെ ഭാഷയിലും ക്രാഫ്റ്റിലും ധീരമായ പരീക്ഷണങ്ങൾ നടത്താനോ പാരമ്പര്യ മൂല്യബോധത്തെ കാലോചിതമായി പൊളിച്ചെഴുതാനോ മലയാളി നോവലിസ്റ്റുകൾ തയ്യാറാകുന്നില്ല. മലയാളത്തിൽ ഈ ദിശയിൽ നടക്കുന്ന അപൂർവ്വം ചുവടുവയ്പുകളിൽ ഒന്നാണ് സുഭാഷ് ചന്ദ്രന്റെ *മനുഷ്യന്* ഒരു ആമുഖം.''

ടി.ഡി. രാമകൃഷ്ണൻ (മാതൃഭൂമി ആഴ്ചപ്പതിപ്പ്)

കവർ ഡിസൈൻ: ഷിറാസ് അമൻ

ഡിസി ബുക്സ്

www.dcbooks.com

ISBN 978-81-264-2839-7

നോവൽ

₹ 295